**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2251** **13-09-2023 - ൽ മറുപടിയ്ക്ക്**

**അന്യ സംസ്ഥാന തൊഴിലാളികളുടെ നിർബന്ധിത ഒറ്റത്തവണ രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | അന്യ സംസ്ഥാന തൊഴിലാളികൾ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടാൽ കണ്ടുപിടിക്കുന്നതിനായി ഇവർ ജോലിക്കു വരുന്ന സ്ഥലത്തെ പോലീസ് സ്റ്റേഷനിൽ ഓൺലൈനായി ഒറ്റത്തവണ രജിസ്ട്രേഷൻ നടത്താറുണ്ടോ; | (എ) | സംസ്ഥാനത്തെ എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാരും അവരവരുടെ പോലീസ് സ്റ്റേഷൻ പരിധിയിൽ അതിഥി തൊഴിലാളികളെ ജോലിയ്ക്ക് നിയോഗിക്കുന്ന തൊഴിൽ ദാതാക്കളോട് അവരുടെ കൂടെയുള്ള അതിഥി തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുവാൻ സംസ്ഥാന പോലീസ് മേധാവി എക്സിക്യൂട്ടീവ് ഡയറക്ടീവ് നം. 13/2009 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>അതോടൊപ്പം ഇതര സംസ്ഥാന തൊഴിലാളികളുടെ അപ്ഡേറ്റ് ചെയ്ത വിവരങ്ങൾ ശേഖരിച്ച് ഡിജിറ്റൽ രൂപത്തിലാക്കി സൂക്ഷിക്കുന്നതിനും സോണൽ ഐ.ജി.മാർ, റേഞ്ച് ഡി.ഐ.ജി.മാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവർക്ക് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (Law & Order) നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരമുള്ള നടപടിക്രമങ്ങൾ ത്വരിത ഗതിയിൽ പുരോഗമിച്ചു വരികയാണ്.<br><br>മതിയായ രേഖകളില്ലാതെ കേരളത്തിൽ താമസിച്ച് ജോലി നോക്കുന്ന ക്രിമിനൽ പശ്ചാത്തലമുള്ള അതിഥി തൊഴിലാളികളെ കണ്ടെത്തി അവരെ കർശനമായി നിരീക്ഷിക്കുന്നതിനുള്ള നടപടികളും പോലീസ് സ്വീകരിച്ചു വരുന്നുണ്ട്.<br><br>**രജിസ്ട്രേഷനുള്ള നടപടികൾ**<br><br>ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിൽ നിയന്ത്രിക്കുന്നതിനും അവരുടെ സേവന വ്യവസ്ഥകൾക്കുമായി കേന്ദ്ര നിയമം 1979-ലെ Interstate Migrant Workers (Regulations of Employment and Conditions of Service) Act പ്രകാരം അഞ്ചോ അതിലധികമോ ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന എല്ലാ സ്ഥാപനവും രജിസ്റ്റർ ചെയ്യേണ്ടത് നിർബന്ധമാണ്. |

| | | | |
|---|---|---|---|
| | | | അതോടൊപ്പം കരാറുകാരനും ലൈസൻസ് നേടേണ്ടതുണ്ട്. |
| (ബി) | ഇല്ലെങ്കിൽ ഒറ്റത്തവണ നിർബന്ധിത രജിസ്ട്രേഷൻ നടത്താൻ നടപടി സ്വീകരിക്കുമോ? | (ബി) | സംസ്ഥാനത്തെ എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാരും അവരവരുടെ പോലീസ് സ്റ്റേഷൻ പരിധിയിൽ അതിഥി തൊഴിലാളികളെ ജോലിയ്ക്ക് നിയോഗിക്കുന്ന തൊഴിൽ ദാതാക്കളോട് അവരുടെ കൂടെയുള്ള അതിഥി തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുവാൻ സംസ്ഥാന പോലീസ് മേധാവി എക്സിക്യൂട്ടീവ് ഡയറക്ടീവ് നം. 13/2009 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>അതോടൊപ്പം ഇതര സംസ്ഥാന തൊഴിലാളികളുടെ അപ്ഡേറ്റ് ചെയ്ത വിവരങ്ങൾ ശേഖരിച്ച് ഡിജിറ്റൽ രൂപത്തിലാക്കി സൂക്ഷിക്കുന്നതിനും സോണൽ ഐ.ജി.മാർ, റേഞ്ച് ഡി.ഐ.ജി.മാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവർക്ക് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (Law & Order) നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരമുള്ള നടപടിക്രമങ്ങൾ ത്വരിത ഗതിയിൽ പുരോഗമിച്ചു വരികയാണ്.<br><br>മതിയായ രേഖകളില്ലാതെ കേരളത്തിൽ താമസിച്ച് ജോലി നോക്കുന്ന ക്രിമിനൽ പശ്ചാത്തലമുള്ള അതിഥി തൊഴിലാളികളെ കണ്ടെത്തി അവരെ കർശനമായി നിരീക്ഷിക്കുന്നതിനുള്ള നടപടികളും പോലീസ് സ്വീകരിച്ചു വരുന്നുണ്ട്.<br><br>**രജിസ്ട്രേഷനുള്ള നടപടികൾ**<br><br>ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിൽ നിയന്ത്രിക്കുന്നതിനും അവരുടെ സേവന വ്യവസ്ഥകൾക്കുമായി കേന്ദ്ര നിയമം 1979-ലെ Interstate Migrant Workers (Regulations of Employment and Conditions of Service) Act പ്രകാരം അഞ്ചോ അതിലധികമോ ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന എല്ലാ സ്ഥാപനവും രജിസ്റ്റർ ചെയ്യേണ്ടത് നിർബന്ധമാണ്. അതോടൊപ്പം കരാറുകാരനും ലൈസൻസ് നേടേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ